"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസം-ജീവനക്കാര്യം- തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ ഇൻഫെക്ഷ്യസ് ഡിസീസസ് വിഭാഗം അസ്സോസിയേറ്റ് പ്രൊഫസർ തസ്തിക പ്രൊഫസർ തസ്തികയായി അപ്ഗ്രേഡ് ചെയ്ത് പ്രസ്തുത തസ്തികയിലേക്ക് അസ്സോസിയേറ്റ് പ്രൊഫസർ (പ്രൊവിഷണൽ) ഡോ.അരവിന്ദ് ആർ -ന് താൽക്കാലിക സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.811/2026/H&FWD തീയതി,തിരുവനന്തപുരം, 27-02-2026

---

പരാമർശം:-

1. സ.ഉ.(സാധാ).നം.6719/1998/ആ.കു.വ തീയതി, 21/03/1998
2. സ.ഉ.(സാധാ).നം.4538/2011/ആ.കു.വ തീയതി, 31/12/2011
3. സ.ഉ.(സാധാ).നം.1199/2023/ആ.കു.വ തീയതി, 20/05/2023
4. സ.ഉ.(കൈ).നം.229/2024/ആ.കു.വ തീയതി, 11/09/2024
5. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 05/02/2026-ലെ എഫ് 6/67/2026/മെ.വി.വ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ ഇൻഫെക്ഷ്യസ് ഡിസീസ് വിഭാഗത്തിൽ നിലവിലുണ്ടായിരുന്ന പ്രൊഫസർ തസ്തിക പരാമർശം (1) ഉത്തരവ് പ്രകാരം അസോസിയേറ്റ് പ്രൊഫസർ തസ്തികയായി താത്കാലികമായി ഡൗൺ ഗ്രേഡ് ചെയ്യുകയുണ്ടായി . തുടർന്ന് പരാമർശം (2) ലെ ഉത്തരവ് പ്രകാരം ടി തസ്തിക കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലേക്ക് താത്കാലികമായി ഷിഫ്റ്റ് ചെയ്യുകയുണ്ടായി . പരാമർശം (3) ലെ ഉത്തരവ് പ്രകാരം ടി തസ്തിക വീണ്ടും തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലേക്ക് തിരികെ കൊണ്ടുവന്നിരുന്നു. പ്രസ്തുത തസ്തിക പ്രൊഫസർ തസ്തികയായി അപ്ഗ്രേഡ് ചെയ്ത് അതിലേക്ക് നിർദ്ദിഷ്ട യോഗ്യതയുള്ള അസോസിയേറ്റ് പ്രൊഫസ്സർക്ക് താത്കാലിക സ്ഥാനക്കയറ്റം നൽകുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം (5) ലെ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

2) കൂടാതെ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ ഇൻഫെക്ഷ്യസ് ഡിസീസസ് വിഭാഗം മെഡിക്കൽ കോളേജ് , എസ്.എ.റ്റി , ,ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ്&ടെക്നോളജി ,റീജിയണൽ കാൻസർ സെന്റർ മുതലായ സ്ഥാപനങ്ങളിലെ പകർച്ചവ്യാധികളുള്ള രോഗികൾക്ക് പരിചരണം നൽകുന്ന വിഭാഗമാണെന്നും, കൂടാതെ സംസ്ഥാനത്തെ ആന്റിമൈക്രോബയൽ റെസിസ്റ്റൻസ് സർവൈലൻസ്, ആന്റി മൈക്രോബയൽ

സ്റ്റീവർഷിപ്പ്, അണുബാധ തടയൽ, നിയന്ത്രണം എന്നിവയ്ക്കുള്ള എൻ.സി.ഡി.സി നോഡൽ സെന്റർ ആയതിനാൽ പ്രസ്തുത വിഭാഗത്തിൽ പ്രൊഫസർ തസ്തിക ആവശ്യമാണെന്നും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ ഇൻഫെക്ഷ്യസ് ഡിസീസസ് വിഭാഗത്തിലെ അസ്സോസിയേറ്റ് പ്രൊഫസർ തസ്തികയെ പ്രൊഫസർ തസ്തികയായി അപ്ഗ്രേഡ് ചെയ്തും, സീനിയോറിറ്റി പട്ടികയുമായി ബന്ധപ്പെട്ട് നിലവിലുള്ള ബഹു. ഹൈക്കോടതി ഉത്തരവിന് വിധേയമായും,കെ.എസ് & എസ്.എസ് .ആർ ഭാഗം II ചട്ടം 31(a)(i) പ്രകാരവും തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ ഇൻഫെക്ഷ്യസ് ഡിസീസ് വിഭാഗം അസ്സോസിയേറ്റ് പ്രൊഫസർ (പ്രൊവിഷണൽ) ഡോ.അരവിന്ദ് ആർ -ന് പ്രൊഫസർ തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

തരുൺ ലാൽ.എസ്

അഡിഷണൽ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനതപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം

പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം

ഡോ.അരവിന്ദ് ആർ., അസ്സോസിയേറ്റ് പ്രൊഫസർ (പ്രൊവിഷണൽ), ഇൻഫെക്ഷ്യസ് ഡിസീസസ് വിഭാഗം, സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം (ഡി എം ഇ മുഖേന)

വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സെക്രട്ടറിയറ്റ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (എസ്1/21/2026/ആ.കു.വ)

ഉത്തരവിൻ പ്രകാരം

**Signed by Manish V V**
**Date: 28-02-2026 08:06:26**

സെക്ഷൻ ഓഫീസർ

പകർപ്പ് :-ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി